# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2072 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതിയിൽ മൂന്ന് ശതമാനം അധിക സർവീസ് ചാർജ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, വി.ആർ. സുനിൽ കുമാർ<br>,, എൽദോ എബ്രഹാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതിയിൽ മൂന്ന് ശതമാനം സർവീസ് ചാർജ് കൂടിയത് സേവനമേഖലക്ക് പ്രാമുഖ്യമുള്ള സംസ്ഥാന സമ്പദ് വ്യവസ്ഥയെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | ജി.എസ്.ടി യിൽ സേവന നികുതി 15% ൽ നിന്നും 18% ആക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ സേവനത്തിനായി വാങ്ങുന്ന സാധന സാമഗ്രികളിൽമേൽ കൊടുത്ത നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ജി.എസ്.ടി യിൽ ലഭിക്കുമെന്നതിനാൽ സേവനമേഖലയെ ദോഷകരമായി ബാധിക്കില്ല. നികുതിക്കുമേൽ നികുതിയില്ലാത്തതിനാൽ ഗുണകരമാകാനാണ് സാധ്യത. എന്നാൽ വിനോദസഞ്ചാരമേഖലയുമായി ബന്ധപ്പെട്ട ഹൗസ്ബോട്ട് ഉൾപ്പെടെയുള്ള സേവനങ്ങൾക്ക് ഉയർന്ന നികുതി ബാദ്ധ്യത വരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതു പ്രധാനമായും അവരുടെ ഇൻപുട്ടായ ഡീസൽ, ജി.എസ്.ടി യുടെ പരിധിയിൽ വരാത്തതുകൊണ്ടാണ്. |
| (ബി) | ഏതൊക്കെ സേവനങ്ങളെയാണ് പ്രസ്തുത വർദ്ധനവ് ദോഷകരമായി ബാധിക്കുന്നതെന്ന് അറിയിക്കുമോ; | | |
| (സി) | വിവിധ തലത്തിലുള്ള പ്രവേശന പരീക്ഷാ പരിശീലന ക്ലാസ്സുകളെ പ്രസ്തുത വർദ്ധനവ് എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ? | | അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർസ്ഥാപനങ്ങൾ എന്നിവ നടത്തുന്ന വിദ്യഭ്യാസസേവനങ്ങൾ |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും ജി.എസ്.ടി യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രവേശന പരീക്ഷാപരിശീലനം പോലെയുള്ള സേവനങ്ങൾക്ക് ജി.എസ്.ടി ബാധകമാണ്. ഇത് ജനങ്ങളെ പൊതുവായി ബാധിക്കുന്ന പ്രശ്നമല്ല. |

**സെക്ഷൻ ഓഫീസർ**